# ഗവ. എച്ച്, എസ്സ്. മടത്തറക്കാണി

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025–2026

# ഉള്ളടക്കം

ആമുഖം

സ്കൂളിന്റെ ചരിത്രം

കുട്ടികളുടെ എണ്ണം

അധ്യാപകരുടെ എണ്ണം

പ്രതിസന്ധികൾ

ലക്ഷ്യങ്ങൾ

തനതുപ്രവർത്തനം

നേട്ടങ്ങൾ

കായികം

<u>മേഖല</u>

ഭാഷ

ശാസ്ത്രം

സാമൂഹ്യശാസ്ത്രം

ഗണിതം

# ആമുഖം

# ഗവ. ഹൈസ്കൂൾ മടത്തറക്കാണി

തിരുവിതാംകൂർ മഹാരാജാവായിരുന്ന ബഹുമാനപ്പെട്ട ശ്രീമൂലം തിരുനാൾ മഹാ രാജാവിന്റെ ഭരണകാലത്തിന്റെ അവസാന വർഷത്തിൽ കലയപുരം എന്ന സ്ഥലത്ത് കലയപുരം കാണി എൽപി.എസ്സ് എന്ന പേരിൽ കൊല്ലവർഷം 1100 മിഥുനമാസത്തിൽ ആരംഭിച്ചതാണ് ഇന്നത്തെ മടത്തറക്കാണി ഹൈസ്കൂൾ.

ആരംഭവർഷത്തിൽ 29 കുട്ടികളാണ് അഡ്മിഷൻ നേടിയത്. ഇതിൽ 23 പേർ എസ്. റ്റി വിഭാഗത്തിലും 5 പേർ എസ്. സി വിഭാഗത്തിലും ഒരാൾ മുസ്ലീം വിഭാഗ ത്തിലും ഉൾപ്പെടുന്നവർ ആയിരുന്നു. ആദിവാസി വിഭാഗത്തിൽ നിന്നുള്ള ശ്രീ ഐ.എൻ രാമന്റെ മകൾ ആർ ദേവിക ആയിരുന്നു ഈ സ്കൂളിൽ ആദ്യമായി പ്രവേശനം നേടിയ കുട്ടി. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. പി, നീലകണ്ഠൻ പിള്ള ആയിരുന്നു. 1123 കന്നി മസത്തിൽ ശ്രീ പി നീലകണ്ഠൻ പിള്ള സാർ ഹെഡ്മാസ്റ്റർ ആയിരിക്കെത്തന്നെയാണ് ഈ സ്കൂൾ കലയപുരത്തുനിന്നും മടത്തറയിലേക്ക് മാറ്റി സ്ഥാപിച്ചത്. 1962–63 വർഷ ത്തിൽ യൂ.പി. സ്കൂളായും 1980 ൽ ഹൈസ്കൂളായും ഈ സ്കൂളിണ ഉയർത്തി. ഹൈസ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. കൃഷ്ണൻ കുട്ടി നായർ ആയിരുന്നു. 1983 ൽ എസ്സ്. എസ്സ. എൽ. സി ആദ്യബാച്ചിലെ കുട്ടികൾ ഈ സ്കൂളിൽ നിന്നും പഠിച്ചി റങ്ങി. കഴിഞ്ഞ പതിനഞ്ച് വർഷക്കാലമായി ഈ സ്കൂളിനോടനുബന്ധിച്ച് പ്രീ–പ്രൈമറി വിഭാഗവും പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഈ സ്കൂളിൽ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 23 അധ്യാപകരും, 4 ഓഫീസ് ജീവനക്കാരും, 3 പാചകത്തൊഴിലാളികളും, 3 നഴ്സറി ജീവ നക്കാരും ജോലി ചെയ്തുവരുന്നു.

1 മുതൽ 10 വരെ ക്ലാസ്സുകളിലായി 256 ആൺകുട്ടികളും 229 പെൺകുട്ടികളും ഉൾപ്പെടെ 485 കുട്ടികൾ പഠനം നടത്തുന്നു. ഇവരിൽ 236 പേർ എസ് സി വിഭാഗത്തിലും 31 പേർ എസ് റ്റി വിഭാഗത്തിലും ഉൾപ്പെടുന്നു. കൂടാതെ നഴ്സറി വിഭാഗത്തിൽ (എൽ. കെ.ജി, യു കെ. ജി) 54 കുട്ടികളും പഠനം നടത്തുന്നു. ശാസ്താംനട, ഇടപ്പണ, വഞ്ചി യോട്, പോട്ടോമാവ്, താന്നിമൂട് തുടങ്ങിയ സെറ്റിൽമെന്റ്കളിൽ നിന്നുള്ള സാധാരണ ക്കാരായ രക്ഷിതാക്കളുടെ കുട്ടികളാണ്. ഈ സ്കൂളിൽ പഠിക്കുന്നവരിൽ ഭൂരിഭാഗവും.

# പരിമിതികൾ

## ഭൗതിക പരിമിതികൾ

മടത്തറ ജംഗ്ഷനോടു ചേർന്ന് 94 സെന്റ് വസ്തുവിലാണ് എൽ.കെ.ജി മുതൽ 10 വരെയുള്ള 539 കുട്ടികൾ പഠിക്കുന്നത് എല്ലാവർക്കും ഇരുന്ന് സൗകര്യമായി പഠിക്കുവാനുള്ള ക്ലാസ്മുറികൾ, ശാസ്ത്രലാബ് സൗകര്യങ്ങൾ, കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉച്ച ഭക്ഷണപ്പുര, ഭക്ഷണം ഇരുന്ന് കഴിക്കുവാനുള്ള സ്ഥലം, കളിസ്ഥലം, മാലിന്യ നിർമ്മാർജന സൗകര്യങ്ങൾ ഒന്നും മെച്ചപ്പെട്ട നിലയിൽ ഒരുക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം പൊളിച്ചുമാറ്റിയതിനുപകരം ഒരു കെട്ടിടം ഇന്നുവരെ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല. പുതിയ കെട്ടിട നിർമ്മാണം നടന്ന് വരുന്നു.

## അക്കദമിക പരിമിതികൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ ആർജിച്ചിരിക്കേണ്ട പഠനശേഷികൾ പൂർണ്ണമായി കൈവരിക്കുവാൻ കഴിയുന്നില്ല. ഇതിനുകാരണം സാമൂഹ്യ സാഹചര്യങ്ങളും ഗാർഹിക അന്തരീക്ഷവുമാണ്.

2. വായനയും എഴുത്തും അനായാസം നിർവഹിക്കാൻ കഴിയാത്തതിനാൽ പഠനപിന്നോക്കാവസ്ഥയെ അഭിമുഖീകരിക്കുന്നവർ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലുണ്ട്.

3. കുട്ടികളുടെ പഠനത്തിൽ ശ്രദ്ധിക്കുന്ന രക്ഷാകർത്താക്കൾ 30 % മാത്രമാണ്.

4. ക്ലാസ് പി റ്റി എ, സ്കൂൾ പി റ്റി എ എന്നിവയിൽ രക്ഷാകർത്തൃ പങ്കാളിത്തം വളരെ കുറവാണ്.

5. ഭിന്നശേഷിക്കാരുടെ ആവശ്യം പരിഗണിച്ച് അതിനാവശ്യമായ റിസോഴ്സ് അധ്യാപകരെ ലഭിക്കുന്നുണ്ടെങ്കിലും ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് സേവനം ലഭിക്കുന്നത്.

6. ഐ.സി. റ്റി. അധിഷ്ഠിത പഠനം ഉറപ്പാക്കാൻ കഴിയുംവിധം ഐ.ടി ലാബുകളുടെ പരിമിതി വളരെ വലുതാണ്.

7. എല്ലാകുട്ടികളുടേയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ആവശ്യമായ ബോധനതന്ത്രങ്ങൾ നടപ്പാക്കാൻ കഴിയുന്നില്ല.

8. കായികവിദ്യാഭ്യാസത്തിനാവശ്യമായ സ്ഥലപരിമിതി.

## സാമൂഹിക പരിമിതികൾ

1. കുട്ടികളുടെ പഠനത്തിൽ രക്ഷാകർത്താക്കളുടെ താൽപര്യക്കുറവ് പഠനനിലവാരത്തെ ബാധിക്കുന്നു.

2. കുട്ടികൾ തുടർച്ചയായി ക്ലാസ്സിൽ ഹാജരാകാതിരിക്കുന്നത് കാരണം സ്കൂളിൽ ഏറ്റടുക്കുന്ന പ്രവർത്തനങ്ങൾ വിജയത്തിലെത്തിക്കാൻ പലപ്പോഴും കഴിയുന്നില്ല. അത് പരിഹരിക്കുന്നതിന് സാമൂഹ്യമായ ഇടപെടൽ ഉണ്ടാകണം.

3. തകർന്ന കുടംബബന്ധങ്ങൾ സങ്കീർണമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന കുടുംബപശ്ചാത്തലം, മദ്യം, ലഹരിവസ്തുക്കൾ, പുകയില ഉത്പന്നങ്ങൾ എന്നിവയാൽ സ്വാധീനിക്കപ്പെട്ട സാമൂഹിക പശ്ചാത്തലം എന്നിവ കുട്ടികളുടെ പഠനത്തേയും സ്വഭാവരൂപീകരണത്തേയും ബാധിക്കുന്നു.

4. സാമൂഹിക സാമ്പത്തിക പിന്നാക്കാവസ്ഥ സ്കൂളിന്റെ വികസനത്തിന് തടസമാകുന്നു.

5. കലാ–കായിക–പ്രവർത്തിപരിചയ–സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളെ പ്രയോജനപ്പെടുത്തുന്നില്ല.

# ലക്ഷ്യങ്ങൾ

1. പ്രീസ്കൂൾ വിദ്യാഭ്യസം ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കും.
2. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കിക്കൊണ്ട് കേരളമാതൃക സൃഷ്ടിക്കും.
3. കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കും.
4. വായനശാല ലബോറട്ടറി എന്നിവ ആധുനികവൽകരിക്കും.
5. വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യുവാനുള്ള കഴിവ് വികസിപ്പിക്കും.
6. കൗൺസിലിംഗ് സൗകര്യം ലഭ്യമാകും.
7. സർഗപരമായ എല്ലാകഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്ര–വിദ്യാഭ്യാസം–ടാലന്റ് ലാബ്.
8. പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.
9. ലഹരി വിമുക്ത– വിരുദ്ധമനോഭാവം ഉറപ്പാക്കും.
10. പ്ലാസ്റ്റിക്മുക്ത– കീടനാശിനിമുക്ത, ലഹരിമുക്ത ക്യാമ്പസ് യാഥാർത്ഥ്യമാക്കും.
11. കാർഷിക സംസ്കാരം വളർത്തും.
12. ക്ലാസ് മുറികൾ ഹൈടെക് ആക്കും
13. ശാസ്ത്രവിഷയങ്ങൾക്ക് പ്രത്യേകം ലാബുകൾ.
14. സ്റ്റാഫ് റൂം, ഓഫീസ് നവീകരണം.
15. ഓരോ ക്ലാസ്സിലും സൗണ്ട് സിസ്റ്റം.
16. കുട്ടികൾക്ക് ആഹാരം കഴിക്കുന്നതിനായി ഡൈനിംഗ് ഹാൾ.
17. ഭൗതിക സൗകര്യം മെച്ചപ്പെടുത്തും, ആകർഷകമാക്കും.

18. വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയസംവിധാനങ്ങൾ രൂപപ്പെടുത്തും.

19. സ്കൂളുകളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതത് ക്ലാസിൽ ആർജിച്ചിരിക്കേണ്ട പഠനശേഷി നേടിയെന്ന് ഉറപ്പുവരുത്തും.

20. കുട്ടികളുടെ സർഗപരവും, അക്കാദമികവും, കായികവുമായ കഴിവുവളർത്തുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

21. എല്ലാകുട്ടികളിലും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ ഒന്നാംഘട്ടത്തിൽ തെറ്റില്ലാതെ വായിക്കാനും എഴുതാനും രണ്ടാംഘട്ടത്തിൽ സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കും.

22. ജൈവവൈവിധ്യ പാർക്ക് ഒരുക്കും.

23. സമ്പൂർണ്ണ രക്ഷാകർതൃ പങ്കാളിത്തം, രക്ഷാകർതൃ ബോധവത്ക്കരണം എന്നിവ ഉറപ്പാക്കും.

24. ജൈവപച്ചക്കറി കൃഷി സ്കൂളിൽ നടപ്പാക്കും (ശലഭ പാർക്ക്)

25. സ്കൂളിന് സ്വന്തമായി ഒരു നടൻപാട്ട് സംഘം പി റ്റി എ യുടെ സഹകരണത്തോടെ രൂപപ്പെടുത്തും.

26. സ്കൂൾ മാഗസിൻ, ടെലിഫിലിം, ഇൻലന്റ് മാഗസിൻ, സ്കൂൾ പത്രം, ക്ലാസ് പത്രം എന്നിവ നടപ്പാക്കും.

27. മികച്ച വായനക്കാരൻ, മികച്ച എഴുത്തുകാരൻ എന്നിവരെ കണ്ടെത്തുവാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കും.

28. പ്രതിഭകൾക്കൊപ്പം–ഒരു സൈന്റിസ്റ്റ് /കഥാകാരൻ/ചരിത്രകാരൻ/കവി etc... തുടങ്ങിയവരുമായി സംവദിക്കാനുള്ള അവസരം ഒരുക്കും.

29. സഹവാസക്യാമ്പ്–വെക്കേഷൻ

30. സർഗചുവർ, കുട്ടികളുടെ സർഗവാസനകൾ പ്രദർശിപ്പിക്കുവാൻ സർഗചുവർ നിർമ്മിക്കും. എല്ലാ വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടർ പഠനം ഉറപ്പാക്കും. (മിനി കൈറ്റ്സ്)

31. സ്കൂൾ റേഡിയോ–ഇടവേളകൾ വിരസത ഒഴിവാക്കാൻ സ്കൂൾ റേഡിയോയുടെ സാധ്യത പ്രയോജനപ്പെടുത്തും.

32. കലാ–കായിക–പ്രവർത്തിപരിചയ മേഖലകളിൽ പ്രവീണ്യം നേടുന്നതിനായി ശിൽപശാലകൾ സംഘടിപ്പിക്കും.

33. അവധിക്കാലത്ത് സഹവാസക്യാമ്പ് സംഘടിപ്പിക്കും.

34. തൊഴിൽനൈപുണ്യം നേടുന്നതിനായി തയ്യൽ, കുട നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകും.

35. വരും വർഷങ്ങളിൽ എസ് എസ് എൽ സി വിജയശതമാനം 100 ൽ എത്തിക്കുക എ പ്ലസ് എണ്ണം വർദ്ധിപ്പിക്കുക.

36. സമഗ്ര ഗുണമേന്മാവിദ്യാഭ്യസത്തിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും പാഠ്യപ ദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുന്ന തരത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

# നേട്ടങ്ങൾ

1. പാലോട് സബ്ജില്ലാ IT ഓവറോൾ കിരീടം 2024–2025

2. 2024–25 വർഷത്തിൽ S S L C പരീക്ഷയിൽ എല്ലാ വിദ്യാർത്ഥികളേയും വിജയിപ്പിക്കുവാൻ കഴിഞ്ഞു

2. CWSN കുട്ടികളുടെ സംസ്ഥാനഗെയിംസിൽ അഭിജിത് എസ് എൽ സംസ്ഥാനതലത്തിൽ ബാഡ്മിന്റൻ മൽസരത്തിൽ പങ്കെടുത്തു.

3. ജില്ലാ കലോത്സവത്തിലും ജില്ലാതല പ്രവർത്തി പരിചയ മത്സരങ്ങളിലും കുട്ടികൾ പങ്കെടുത്ത് വിജയം കൈവരിച്ചു.

4. 8000 ൽ പരം പുസ്തകങ്ങൾ ഉള്ള വിപുലമായ സ്കൂൾ ലൈബ്രറി കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറിയാക്കി.

5. ക്ലാസ്സ് റൂം ലൈബ്രറി സംവിധാനം

6. **Open air auditorium with sound system.**

7. എല്ലാ പ്രദേശത്തേക്കും വാഹന സൗകര്യം.

8. സയൻസ് ലാബ്, കമ്പ്യൂട്ടർലാബ് എന്നിവ ആകർഷകമാകത്തക്കവിധം നവീകരിച്ചു.

9. വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി SSA, RMSA, ജില്ലാ പഞ്ചായത്ത് ഇവയുടെ ആഭിമുഖ്യത്തിലുള്ള നിരവധി പദ്ധതികൾ നടന്നു വരുന്നു.

10. സ്കൂൾ വെൽഫെയർ ട്രസ്റ്റിന്റെ സഹായത്തോടെ സ്മാർട്ട് റൂം / കോൺഫറൻസ് ഹാൾ നവീകരിച്ചു.

11. LSS, വിജയി ആഷ്ന നാസർ എസ്.

    USS വിജയികൾ അൻസിൽ ആർ, ആഷിഫ് എസ് എൽ

12. ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ കെട്ടിടങ്ങൾ മുഴുവനും ആകർഷകമായി പെയിന്റ് ചെയ്യുവാൻ കഴിഞ്ഞു.

13. സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും സമൃദ്ധമായ പ്രഭാത ഭക്ഷണം ജിജി ചാരിറ്റബിൾ ട്രസ്റ്റ് തിരുവനന്തപുരത്തിന്റെ സഹായത്താൽ നൽകുന്നു. ഭക്ഷണം കഴിക്കാനാവശ്യമായ പാത്രങ്ങളും ട്രസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്.

14. എല്ലാ ക്ലാസ്മുറികളിലും ഇലക്ട്രിഫിക്കേഷൻ നടത്തുവാനും ഫാനുകൾ സ്ഥാപിക്കുവാനും കഴിഞ്ഞു.

15. പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹായത്താൽ 9 ക്ലാസ്സ് മുറികൾ ഹൈടെക് നിലവാരത്തിലെത്തിക്കുവാൻ സാധിച്ചു.

16. സ്കൂളിലെ മുഴുവൻ ക്ലാസ്സ് മുറികളിലും വർത്തമാനപത്രം ലഭ്യമാക്കുന്നു.

17. യാത്രാസൗകര്യത്തിനായി ഡോ. എ സമ്പത്ത് എം പി യുടെ ഫണ്ടിൽ നിന്ന് സ്കൂൾ വാഹനം ലഭിച്ചു.

18. എസ് ടി വിഭാഗം കുട്ടികൾക്കായി ഗോത്രസാരഥി പദ്ധതി പ്രകാരം സൗജന്യവാഹന സൗകര്യം.

19. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ശാസ്താംനടയിലെ കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ കമ്പ്യൂട്ടർ പഠനം നൽകി വരുന്നു.

## തനതു പ്രവർത്തനങ്ങൾ

1. സ്കൂൾ കോമ്പൗണ്ടിനകത്ത് ഗ്രോബാഗിൽ പച്ചക്കറി കൃഷി

2. വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ മാസവും വായനക്കുറിപ്പ് മത്സരം വിജയികൾക്ക് ക്യാഷ് പ്രൈസ്.

3. യു പി വിഭാഗം കുട്ടികൾക്ക് ലൈബ്രറി കാർഡ് സംമ്പ്രദായം.

4. എല്ലാ ക്ലാസ്സിലും ലൈബ്രറി.

5. “കുട്ടികൾക്കൊരു റേഡിയോ” എല്ലാ ദിവസവും ഉച്ചയ്ക്ക് വിനോദപരിപാടി.

6. വിവിധ കൗൺസിലിംഗ് ക്ലാസുകൾ

7. രക്ഷാകർതൃ ബോധവൽക്കരണം ക്ലാസ്സുകൾ

8. വിവിധ ദിനാചരണങ്ങൾ (രക്ഷാകർതൃ–പൊതുജന പങ്കാളിത്തം)

9. എസ് എസ് എൽ സി വിദ്യാർത്ഥികൾക്ക് രാത്രി കാല ക്ലാസ്സുകൾ

10. ഓണാഘോഷത്തോടനുബന്ധിച്ച് വിപുലമായ ഓണസദ്യ

11. ഗണിത ശാസ്ത്ര ലൈബ്രറിയുടെ പ്രവർത്തനം

12. മാസംതോറുമുള്ള ക്ലാസ്സ് പി റ്റി എ യോഗങ്ങൾ.

13. ലഹരിക്കെതിരെയുള്ള ബോധവൽകരണക്ലാസുകൾ

14. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ സ്കൂളിന് പുറത്ത് കുട്ടികളുടെ സഹായത്തോടെ ട്രാഫിക് നിയന്ത്രണ സംവിധാനം

15. 'ശ്രദ്ധ' കൂടാതെ ഭാഷാപഠനത്തിന് പ്രത്യേകക്ലാസുകൾ 'മുന്നോട്ട്'.

## എസ് എസ് എൽ സി റിസൾട്ട്

| വർഷം | വിജയശതമാനം |
|---|---|
| 2014 | 97 % |
| 2015 | 99 % |
| 2016 | 97 % |
| 2017 | 98 % |
| 2018 | 99 % |
| 2019 | 99 % |
| 2020 | 98.9 % |
| 2021 | 100 % |
| 2022 | 98 % |
| 2023 | 99 % |
| 2024–25 | 93.5 % |

# മലയാളം

| ക്രമ നമ്പർ | ശേഷികൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | പിൻതുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ കഴിവ് വികസിപ്പിക്കുന്നതിന് (അക്ഷരം, ചിഹ്നം, വാക്കുകൾ, വാക്യങ്ങൾ) മലയാളത്തിളക്കം | അക്ഷരകാർഡ് ഉപയോഗിച്ചുള്ള കളികൾ, അക്ഷരങ്ങൾ ഉപയോഗിച്ചുള്ള ചിത്രം വരയ്ക്കൽ ചിത്രവായന, ചിത്രത്തിന് അടിക്കുറിപ്പ്, കഥയുടെ ബാക്കി പറയൽ, സി ഡിയിൽ ചിത്രം കണ്ടിട്ട് പറയൽ | ഹ്രസ്വകാലം | 1 മുതൽ 10 വരെ (1 മുതൽ 10 വരെയുള്ള അക്ഷരം ഉറയ്ക്കാത്ത എല്ലാ കുട്ടികൾക്കും ഈ പ്രവർത്തനം നൽകാവുന്നതാണ്.) | BRC<br>DIET<br>SCERT<br>PTA |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുന്നതിന് | ചിത്രത്തിലുൾപ്പെടുത്തിയ വാക്കുകൾ വായിക്കുന്നു. ICT ഉൾപ്പെടുത്തിയിട്ടുള്ള വായന ചിത്രീകരണത്തിലൂടെ കുട്ടി വായിക്കുന്നു. ക്ലാസ് ലൈബ്രറി വിപുലപ്പെടുത്തൽ വായനമൂല, സ്കൂൾ ലൈബ്രറി, അമ്മൂമ്മക്കഥകൾ | | | |
| 3. | എല്ലാ കുട്ടികളേയും സ്വതന്ത്രവായനക്കാരാക്കി മാറ്റുക | സമീപ വായനശാലയിൽ അംഗത്വം<br>പത്രവായന<br>പുസ്തകചർച്ച<br>വായനാനുഭവം പങ്കുവയ്ക്കൽ<br>സാഹിത്യ സല്ലാപം<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>ആനുകാലികപ്രസിദ്ധീകരണം<br>മാനവിക മൂല്യബോധം കുട്ടികളിൽ വളർത്തിയെടുക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ (ഗുണപാഠ കഥകൾ, കവിതകൾ, ICT സാദ്ധ്യതകൾ. ഡോക്യുമെന്ററി, നങ്കെം, സിനിമ, ….. | ദീർഘകാലം | 5 മുതൽ 10 വരെ | |

| ക്രമ നമ്പർ | ശേഷികൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | പിൻതുണ |
|---|---|---|---|---|---|
| 4. | വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് വ്യത്യസ്ത തലങ്ങളിലൂടെയുള്ള വായന | ക്ലാസ് പത്രം, സ്കൂൾ പത്രം-നിർമ്മാണം<br>വായനക്കുറിപ്പ് തയ്യാറാക്കൽ, സമ്മാനം നൽകൽ, ജന്മദിനപുസ്തകം,<br>ഇ. വായന,<br>അമ്മ വായന, അച്ഛൻ വായന<br>വായനക്കൂട്ടം,<br>ഭാവാത്മക വായന | | | |
| 5. | സർഗവേദി | പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ കണ്ടെത്തുന്നു.<br>കഥാപുരാണം<br>കവിതാപുരാണം | ദീർഘകാലം | | |
| 6. | ഒ്യത്യസ്ത തന്ത്രങ്ങൾ | നാടകീകരണം, കഥാപ്രസംഗം, പാവകളി, വിൽപ്പാട്ട്, നാടൻപാട്ട്, ….. | | | |
| 7. | സ്വതന്ത്രരചന | ഡയറിക്കുറിപ്പ്<br>കഥാപൂരണം<br>നാടകരചന<br>സന്ദർഭങ്ങളിലുള്ള(സവിശേഷ സന്ദർഭങ്ങൾ) സ്വതന്ത്ര രചന<br>സംഭാഷണം<br>പ്രഭാഷണം<br>ആസ്വാദനം, താരതമ്യം,<br>വിശകലനക്കുറിപ്പ്, പത്രവാർത്ത,<br>പതിപ്പുകൾ, കൈയെഴുത്തുമാസിക,<br>ഇൻലന്റ് മാഗസിൻ, ക്ലാസ്പത്രം,<br>കത്ത് എഴുത്ത്, സന്ദേശങ്ങൾ,<br>(ICT), സ്കൂൾ മാഗസിൻ | ദീർഘകാലം | 4 മുതൽ 10 വരെ ക്ലാസുകൾ | BRC<br>DIET<br>SCERT<br>PTA |

| ക്രമ നമ്പർ | ശേഷികൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | പിൻതുണ |
|---|---|---|---|---|---|
| 8 | പൊതുവേദിയിൽ സംസാരിക്കാനുള്ള കഴിവ് മെച്ചപ്പെടുത്തുന്നതിന് | ബാലസഭ, സ്കൂൾ അസെംബ്ലി, പ്രദേശത്തെ സാംസ്കാരിക കേന്ദ്രങ്ങളിൽ ഉള്ള വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.<br>1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ ഭാഷാപഠനം സുഗമമാക്കുന്നതിനും, വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളെ പരിഗണിക്കുന്നത് വ്യത്യസ്ത മാനദണ്ഡങ്ങളിലൂടെയാണ്. | | | |

# GOVT. H.S. MADATHARAKANI ACADEMIC MASTER PLAN

## ENGLISH L.P., U.P, H.S

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | **Story Time**<br>ഇംഗ്ലീഷ് ഭാഷാപഠനം ആസ്വാദ്യമാക്കുന്നതിനും ഭിന്നനിലവാര ക്കാരെ കണ്ടെത്തി പിന്തുണ സംവിധാനം തുടങ്ങുന്നതിനും വേണ്ട പ്രവർത്തനം<br>**Eg: Story**<br>• **Charactors**<br>• **Events**<br>• **Favourite**<br>• **Situation**<br>• **Moral**<br>• **Word card etc…** | **June-July** | 1–10 | **Developments of listening skill and find out slow learners.** |
| | പൊതുപ്രവർത്തനം<br>കഥയിൽ നിന്നുള്ള വാക്കുകൾ അക്ഷരമാല ക്രമത്തിൽ കണ്ടെത്തി എഴുതുക. ഇതിൽ നിന്നും **Slow pace learners** നെ കണ്ടെത്തുന്നു. | | | **Scaffold** |
| 2. | **Public speaking**<br>**ICT** യുടെ സഹായത്താൽ വ്യത്യസ്ത തലത്തിലുള്ള സംഭാഷണ ങ്ങൾ പരിചയപ്പെടുത്തുന്നു/അനുഭവങ്ങൾ നൽകുന്നു.<br>▪ അവതരണം, ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ദിവസമായി ആചരിക്കുന്നു.<br>▪ പത്രവായന<br>▪ ഇംഗ്ലീഷ് അസംബ്ലി<br>▪ നോട്ടീസ് ബോർഡിൽ വേർഡ്സ് നൽകി അതിന്റെ സമാന മായ ഇംഗ്ലീഷ് അർത്ഥം ഡിഷ്നറിയിൽ നിന്ന് കണ്ടെത്തി വിജയികൾക്ക് സമ്മാനം നൽകുന്നു. | **August – September** | 1–10 | **Developments of communicative skill, speaking skill, listening skill, and observation skill.** |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| | **Eg.:** • Slow learners → Simple words • Others → Phrasal verb, Autonyms etc | | | |
| 3. | **Role Play-Script writing**<br>പാഠഭാഗത്തിലെ സംഭവങ്ങളെ കണ്ടെത്തി നാടകരൂപത്തിൽ അവതരിപ്പിക്കുന്നു.<br>• **Drama**<br>• **Speaking about previous days's experience**<br>• **Random Presentation of Dairy**<br>• **Inland Magazine** | **June - July** | 1–10<br>8–10<br>1–10<br>1–7<br>8,9,10 | **Presentation skill, communicative skill, writing skill and creativity** |
| 4. | **Cinema and Documentary**<br>മാസത്തിൽ ഒരു ദിവസം ഒരു ഡോക്യുമെന്ററി ഫിലിം കാണിച്ചു കൊടുക്കുന്നു.<br><br>**Choreography**<br>സന്ദർഭോജിതമായ രംഗാവിഷ്കാരം നടത്തുന്നു | **November-December**<br><br>**January-Fedruary** | | **Listening skill, observation skill, Speaking Skill and apreaciative skill** |

## ഹിന്ദി

1. ഒന്നാം ക്ലാസ്സ് മുതൽ ഹിന്ദി പഠനം
2. ആഴ്ചയിൽ ഒരു വർക്ക്
3. നെയിം ബോർഡുകളിൽ ഹിന്ദി ഭാഷ കൂടി ഉൾപ്പെടുത്തണം
4. ഹിന്ദി ലൈബ്രറി
5. സ്കൂൾ ചുറ്റുമതിലും, കെട്ടിടങ്ങളും, ഹിന്ദി ലിപികളും അതുൾപ്പെടുന്ന വാക്കുകളും, ചിത്രങ്ങളും വ്യവസ്ഥാപിതമായ രീതിയിൽ വരച്ച് ചേർക്കണം.
6. ഹിന്ദി ഭാഷികരുടെ ആവാസകേന്ദ്രങ്ങൾ സന്ദർശനം

# ഹിന്ദി (എൽ പി , യു പി, എച്ച് എസ്)

| ക്രമ നമ്പർ | ശേഷികൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിൻതുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ കഴിവ് വികസിപ്പിക്കുന്നതിന്<br><br>അക്ഷരമാല | അക്ഷരം, അടയാളം ഉറപ്പിക്കൽ, അക്ഷര ക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ് വാക്കുകൾ നിർമ്മിക്കൽ, CD യിൽ കണ്ടിട്ട് വാക്കുകൾ പറയുക ചിത്രവായന, പറയൽ, അക്ഷരം എഴുത്ത് | 2 മാസം<br><br>ക്ലാസ് 5 | അക്ഷരമാല പഠന സഹായി, സി ഡി കഥാപുസ്തകങ്ങൾ<br>ICT യുടെ ലഭഥഃ അനിവാര്യം | DIET<br>SCERT<br>BRC<br>PTA |
| 2. | കുട്ടിയെ എഴുത്തും വായനയിലും മുൻനിരയിൽ എത്തിക്കുന്നതിന് | വായനമൂല<br>ക്ലാസ്സ് ലൈബ്രറി, ഹിന്ദി പുസ്തകങ്ങളുടെ ശേഖരം | ക്ലാസ്സ് 5,6,7,8 | ക്ലാസ്സ് ലൈബ്രറിയുടെ അനുവാര്യത | |
| 3. | ഘിന്ദിയിൽ ആശയവിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക. | ഹിന്ദി ഡോക്യുമെന്ററി, സിനിമ, വാർത്തകൾ കേൾക്കാനുള്ള അവസരം, ഹിന്ദി സംസാരിക്കുന്നവരുമായുള്ള ആശയവിനിമയം | 6 മാസം | | |
| 4. | കഥാവായന, കവിതാരചന, കഥാരചന | ഹിന്ദിയിലെ ചെറുകവിതകൾ വായിക്കാനും കേൾക്കാനും അവസരം. ചെറുകഥകളുടെ വായനക്കാർഡ് തയ്യാറാക്കി നൽകുക. | 1 വർഷം | | |
| 5. | ഹിന്ദി സ്ക്രിപ്റ്റ് റൈറ്റിംഗ് നാടകാഭിനയം | ക്ലാസ്സ്തല അഭിനയ പരിശീലന അവസരം വേദികളിൽ അവതരണത്തിന് അവസരം, ക്ലാസ്സ്, പി റ്റി എ കളിൽ അവതരണം. | 1 വർഷം | ICT | |
| 6. | ഹിന്ദി നാടകാവതരണം | ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം, ഹിന്ദി നാടക അഭിനേതാക്കൾ, ലേഘകർ, എന്നിവരുമായുള്ള അഭിമുഖം, ശില്പശാലകൾ | ദീർഘകാലം | ICT | |

| ക്രമ നമ്പർ | ശേഷികൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിൻതുണ |
|---|---|---|---|---|---|
| 7. | കുട്ടികൾക്ക് വേദികളിൽ സങ്കോചമില്ലാതെ ഹിന്ദി ഭാഷാപ്രയോഗം | സ്കൂളിൾതല റേഡിയോ സ്റ്റേഷനിൽ ഹിന്ദിക്ക് സമയം നൽകി വാർത്താവതരണം പത്രവായന, സ്കൂൾ അസംബ്ലി ഹിന്ദിയിൽ നടത്തുക, മാസത്തിൽ ഒരു ദിനം ഹിന്ദിദിനം ആചരിക്കുക. | 6 മാസം | | |
| 8. | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടൽ | ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം, വാർത്തകൾ കേൾക്കാനുള്ള അവസരം, ഹിന്ദി കവിതകൾ കേൾക്കാനുള്ള അവസരം ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് കൂടി പഠനയാത്രകൾ പ്ലാൻ ചെയ്യുക. | തുടർപ്രവർത്തനം | ICT | |

# സംസ്കൃതം (എൽ പി , യു പി)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | അക്ഷരപഠനം | അക്ഷരം, അടയാളം ഉറപ്പിക്കൽ, അക്ഷര ക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ് | 2 മാസം (ക്ലാസ്സ് 1,2,3,4 ) | അധ്യാപകർ, അക്ഷര മാല, പഠനസഹായി, കഥാപുസ്തകങ്ങൾ |
| 2 | പദജ്ഞാനം | പദകോശം, ശബ്ദകോശം, ചിത്രപദകോശം,സം ഖ്യാകോശം തുടങ്ങയവയുടെ കാർഡുകൾ, ചിത്രങ്ങൾ കണ്ടിട്ട് വാക്കുകൾ പറയുക | 6 മാസം ക്ലാസ്സ് 1,2,3,4 | ICT യുടെ ലഭ്യം |
| 3. | കാവ്യപഠനം | അക്ഷരശ്ലോക സദസ്സ് | തുടർപ്ര വർത്തനം | സംസ്കൃതി ക്ലബ് അധ്യ പകർ |
| 4. | വായിക്കാനും എഴു താനും മുൻനിരയിൽ എത്തിക്കുന്നതിന് | ഓയനമൂലം ക്ലാസ്സ് ലൈബ്രറി, സംസ്കൃതപു സ്തകങ്ങളുടെ ശേഖരം | തുടർപ്ര വർത്തനം (ക്ലാസ്സ് 5,6,7) | ക്ലാസ്സ് ലൈബ്രറി സംസ്കൃതപുസ്തക ങ്ങൾ |
| 5. | സംസ്കൃതത്തിൽ ആശയവിനിമയം നട ത്താനുള്ള കഴിവ് ഉണ്ടാക്കുക. | ഗംസ്കൃതം ഡോക്യുമെന്ററി, സംസ്കൃതസിനിമ, സംസ്കൃത വാർത്തകൾ കേൾക്കാനുള്ള സൗകര്യം, സംസ്കൃതം സംസാരിക്കുന്നവരുമാ യുള്ള ആശയവിനിമയം. | 6 മാസം | പി റ്റി എ അധ്യാപകർ, സംസ്കൃതി കളബ് |
| 6. | കഥാവായന കവിതാരചന കഥാരചന | സംസ്കൃതത്തിലെ ചെറു കവിതകൾ വായിക്കാ നും, കേൾക്കാനുമുള്ള അവസരം, ചെറുകഥക ളുടെ വായനാക്കാർഡ് തയ്യാറാക്കി നൽകുക | 1 വർഷം | പി റ്റി എ അധ്യാപകർ, സംസ്കൃതി കളബ് |
| 7. | സംസ്കൃതനാടകങ്ങ ളുടെ പരിചയം | നാടകകളരി, ക്ലാസ് തല അഭിനയപരിശീലന അവസരം നാടകങ്ങൾ കാണാനുള്ള അവസര ങ്ങൾ | 1 വർഷം (ക്ലാസ്സ് 5,6,7) | പി റ്റി എ, സംസ്കൃതി കളബ് SCERT, DIET |
| 8. | അഭിനയം, അവതര ണവും വേദികളിൽ സംസ്കൃതഭാഷാ പ്രയോഗിക്കാനുള്ള കഴിവ് | സംസ്കൃതവാർത്തവായിക്കാൻ സ്കൂൾതല റേഡിയോ സ്റ്റേഷനിൽ സംസ്കൃതത്തിന് സമയം കൊടുക്കുക, സംസ്കൃതത്തിൽ സ്കൂൾ അസംബ്ലി നടത്തുക, മാസത്തിൽ ഒരു ദിവസം സംസ്കൃതത്തിൽ സംവദിക്കാനുള്ള അവസരം നൽകുക. | തുടർപ്ര വർത്തനം | |

# അറബിക് (എൽ പി , യു പി, എച്ച് എസ്)

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | കഥകളിലൂടെ<br>അറബിക് ഭാഷാപഠനം ആസ്വാദ്യകരമാക്കുന്നതിനും ഭിന്നനിലവാരക്കാരെ കണ്ടെത്തി പിന്തുണാസംവി ധാനം തുടങ്ങുന്നതിനും വേണ്ട പ്രവർത്തനം<br>ഉദാ: കഥകൾ– കഥാപാത്രങ്ങൾ<br>സംഭവങ്ങൾ<br>ഗുണപാഠം<br>തുടങ്ങിയവ....<br>പൊതുപ്രവർത്തനം<br>കഥയിൽ നിന്നുള്ള വാക്കുകൾ അക്ഷരമാല ക്രമ ത്തിൽ കണ്ടെത്തി എഴുതുക. ഇതിൽ നിന്നും സ്ലോ ലേണേഴ്സിനെ കണ്ടെത്തുന്നു. | ജൂൺ – ജൂലൈ<br><br>ഹ്രസ്വകാലം | 5–7<br>8,9,10<br><br>5,6,7,8 | കമ്മ്യൂണിക്കേറ്റീവ് സ്കിൽസിന്റ വികസനം<br><br>പിന്തുണാസംവിധാനം |
| 2 | **Public Speaking**<br>കളം സാഹചര്യങ്ങളുടെ സഹായത്താൽ സംഭാഷണ ങ്ങൾ പരിചയപ്പെടുന്നു. അനുഭവങ്ങൾ നൽകുന്നു.<br>– അവതരണം<br>– ആഴ്ചയിൽ ഒരു ദിവസം അറബിക് ദിനാചരണം നട ത്തുന്നു.<br>– പദനിർമ്മാണം വിജയികൾക്ക് സമ്മാനം നൽകുന്നു. | ദീർഘകാലം | 5,6,7,8,9,10 | **Communicative skill, Speaking skill, Reading, Writing, Presentation, Observation and Listening skill.** |
| 3. | **Role Play-Script writing**<br>പാഠഭാഗത്തിലെ സംഭവങ്ങളെ കണ്ടെത്തി നാടകരൂപ ത്തിൽ അവതരിപ്പിക്കുന്നു. | | 8,9 | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 4. | ഡയറിയെഴുത്ത്<br>ദിനചര്യകളുടെ രേഖപ്പെടുത്തൽ<br>മാഗസിൻ<br>കുട്ടികളുടെ സർഗാത്മസൃഷ്ടി പരിപോഷിപ്പിക്കുന്നതിനും ഭാഷാ-കഴിവ് വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനം<br>കുട്ടികളുടെ എഴുത്തും വായനയും മുൻനിരയിലെത്തിക്കുന്നതിന്<br>ഓയനമൂല, ക്ലാസ്സ് ലൈബ്രറി, അറബിക് പുസ്തക ശേഖരണം<br>അറബിയിൽ ആശയവിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക<br>– ഡോക്യുമെന്ററി<br>– ഷോർട്ട് ഫിലീം<br>– സംഭാഷണം<br>– പ്രസംഗംോ<br>– വാർത്താവായന | ഹ്രസ്വകാലം<br><br>ദീർഘകാലം<br><br>ദീർഘകാലം | 8,9,10<br><br>8,9,10<br><br>8,9<br><br>8,9,10 | രചനാപാടവം<br><br>സർഗാത്മക കഴിവുകളുടെ പരിപോഷണം<br><br>ഭാഷാപ്രയോഗങ്ങളുടെ പുരോഗതി |

## GOVT. H.S. MADATHARAKANI ACADEMIC MASTER PLAN

## SCIENCE L.P., U.P, & H.S

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | കുട്ടികൾക്ക് പരിചിതരായിട്ടുള്ള ശാസ്ത്ര ജ്ഞൻമാരെക്കുറിച്ച് വിവരശേഖരണം | 1 മാസം | 8,9 | ശാസ്ത്രബോധം വളർത്തൽ |
| 2. | കാസ്ത്രവുമായി ബന്ധപ്പെട്ട സർഗാത്മക സൃഷ്ടികൾ തയ്യാറാക്കുക | 1 മാസം | 8,9,10 | കുട്ടികളിൽ പാരിസ്ഥിതിക അവ ബോധം വളർത്തൽ |
| 3. | സ്കൂൾ സയൻസ് കോർണർ തയ്യാറാക്കൽ (ബുള്ളറ്റിൻ ബോർഡ്) | തുടർപ്രവർത്തനം | 8,9,10 | ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണി, **Enquiry skill** എന്നിവ വികസിപ്പിക്കൽ |
| 4. | ശാസ്ത്രപ്രവർത്തനം സംഘടിപ്പിക്കുക | തുടർപ്രവർത്തനം | 8,9,10 | ശാസ്ത്രപഠനശേഷി വികസിപ്പി ക്കൽ. |
| 5. | ശാസ്ത്രസെമിനാറുകൾ, ക്വിസ്, അഭിമുഖം, ഫീൽഡ് ട്രിപ്പുകൾ, എന്നിവ സംഘടിപ്പി ക്കൽ | തുടർപ്രവർത്തനം | 8,9,10 | ശാസ്ത്രത്തിൽ സവിശേഷസ്വഭാവ മുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. |
| 6. | സയൻസ് മാഗസിനുകൾ തയ്യാറാക്കൽ | 1 വർഷം | 8,9,10 | ശരിയായ മൂല്യങ്ങളും മനോഭാവ ങ്ങളും വളർത്തുന്നതിന് ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക. |
| 7. | ഇംപ്രൊവൈസ്ഡ് അപ്പാരറ്റസ് നിർമ്മാണം | തുടർപ്രവർത്തനം | 9,10 | ശാസ്ത്രപഠനശേഷി വർദ്ധിപ്പി ക്കുക |
| 8. | ജൈവവൈവിധ്യ പാർക്കുകൾ, ശലഭോദ്യാ നം, ജൈവപച്ചക്കറിത്തോട്ട നിർമ്മാണം | തുടർപ്രവർത്തനം | 9,10 | സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്ന തിന് ശാസ്ത്രത്തെ പ്രയോജനപ്പെ ടുത്തുക. |
| 9. | സാംക്രമിക രോഗങ്ങളെക്കുറിച്ചുള്ള സെമി നാറുകൾ പ്രോജക്ടുകൾ, പ്രദർശനം, ക്യാമ്പ് എന്നിവ തയ്യാറാക്കൽ | തുടർപ്രവർത്തനം | 8,9,10, | ശാസ്ത്രപഠനത്തെ സാമൂഹ്യമു ന്നേറ്റത്തിന് പ്രയോജനപ്പെടുത്തു ന്നതിനുള്ള മനോഭാവം വളർത്തൽ. |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം നമ്പർ |
|---|---|---|---|---|
| 10 | സയൻസ് ക്ലബ് രൂപീകരണം | 2 മാസം | 8,9,10, | ശാസ്ത്രവുമായി ബന്ധപ്പെട്ട മൂല്യങ്ങളും മനോഭാവങ്ങളും വളർത്തജശ |
| 11. | സയൻസ് മാസികകൾ, സയൻസ് ജേർണലുകൾ, പത്രക്കുറിപ്പുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ക്വിസ് സംഘടിപ്പിക്കൽ | തുടർപ്രവർത്തനം | 8,9,10 | ശാസ്ത്രബോധം വളർത്തൽ |
| 12. | ശാസ്ത്രദിനാചരണങ്ങൾ സംഘടിപ്പിക്കൽ | തുടർപ്രവർത്തനം | 8,9,10 | ശാസ്ത്രബോധം വളർത്തൽ |
| 13. | CWSN കുട്ടികൾക്ക് വേണ്ടി പ്രത്യേകം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക | തുടർപ്രവർത്തനം | 8,9,10 | CWSN കുട്ടികളെ നേർധാരയിൽ എത്തിക്കജശ |
| 14. | ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ IT ഉൾപ്പെടുത്തിയിട്ടുള്ള പഠനം (ക്ലാസിൽ കൈകാര്യം ചെയ്യാൻ പറ്റാത്ത പരീക്ഷണങ്ങൾ) | തുടർപ്രവർത്തനം | 8,9,10 | ശാസ്ത്രപഠനത്തിൽ IT യുടെ സാധ്യത |
| 15. | ശാസ്ത്ര ലൈബ്രറികൾ, ശാസ്ത്രലാബ് എന്നിവ പരമാവധി പ്രയോജനപ്പെടുത്തൽ | തുടർപ്രവർത്തനം | 8,9,10 | ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. |
| 16. | ശാസ്ത്ര നാടകങ്ങൾ സംഘടിപ്പിക്കൽ | 2 മാസം | 8,9,10 | ശാസ്ത്രനൈപുണി കൈവരിക്കൽ |
| 17. | ശാസ്ത്ര രംഗത്തെ പ്രമുഖരായ വനിതകളെക്കുറിച്ച് പതിപ്പ് തയ്യാറാക്കൽ | തുടർപ്രവർത്തനം | 8,9,10 | ശാസ്ത്രപഠനത്തിൽ പെൺകുട്ടികളുടെ പദവി ഉയർത്തുക. |
| 18. | അധ്യാപകർക്കായി ടീം ടീച്ചിംഗ് e-learning, Co-ordinate teaching എന്നിവ ഉൾപ്പെടുത്തുക. | തുടർപ്രവർത്തനം | 8,9,10 | ശാസ്ത്ര അധ്യാപക ശാക്തീകരണം |

## GOVT. H.S. MADATHARAKANI ACADEMIC MASTER PLAN

## SCIENCE L.P., U.P, & H.S

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ലക്ഷ്യം | ചുമതല |
|---|---|---|---|---|
| 1. | • പരിസരനിരീക്ഷണം<br>• ജൈവവൈവിധ്യപാർക്ക്<br>• വീഡിയോ ക്ലിപ്പിംഗ്സ്<br>• ഫീൽഡ് ട്രിപ്പ്<br>• ICT സാധ്യത<br>• സയൻസ് ലാബ് | 3 മാസം | കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പി ക്കുക | PTA, BRC അധ്യാപകർ രക്ഷാ കർത്താക്കൾ |
| 2. | • പോസ്റ്റർ നിർമ്മാണം<br>• പരിസ്ഥിതി ബോധ വൽക്കരണക്ലാസുകൾ<br>• ഗയൻസ് ക്ലബ് പ്രവർത്തനങ്ങൾ<br>• ദിനാചരണങ്ങൾ<br>• ജൈവവൈവിധ്യപാർക്ക്<br>• സെമിനാറുകൾ<br>• ലഘുലേഘകൾ<br>• നാടകം | ദീർഘ കാലം | പരിസ്ഥിതി സൗഹൃത മനോഭാവം വളർത്തുക | പൊതുജനങ്ങൾ SMC, PTA ശാസ്ത്രസാഹിത്യ പരിഷത്ത് |
| 3. | • ശാസ്ത്രമാഗസിൻ<br>• ശാസ്ത്ര പുസ്തകങ്ങൾ<br>• ശാസ്ത്രലൈബ്രറി<br>• സയൻസ് ലാബ് | ദീർഘ കാലം | ശാസ്ത്രാവബോധം വളർത്തൽ | PTA, SMC, BRC |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ലക്ഷ്യം | ചുമതല |
|---|---|---|---|---|
| | • **ICT**<br>• ദിനാചരണങ്ങൾ<br>• സയൻസ് ക്ലബ് പ്രവർത്തനങ്ങൾ<br>• ശാസ്ത്രഡയറി<br>• ശാസ്ത്രജ്ഞരെക്കുറിച്ചുള്ള കുറിച്ചുള്ള കുറിപ്പുകൾ<br>• ശാസ്ത്രനാടകം<br>• ശാസ്ത്രആൽബം<br>• പാഠഭാഗത്തെ അധിക വിവരങ്ങൾ പ്രയോജനപ്പെടുത്തൽ<br>• ഗംവാദം<br>• അഭിമുഖം | | | |
| 4. | • ഉപകരണങ്ങൾ പരിചയപ്പെടൽ<br>• ഗ്രൂപ്പ് ചർച്ച<br>• പരീക്ഷണ ആസൂത്രണം<br>• പരീക്ഷണത്തിലേർപ്പെടൽ<br>• ഇടക്കാല വിലയിരുത്തൽ<br>• നിരീക്ഷണം<br>• നിഗമനത്തിലെത്തിച്ചേരൽ<br>• പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>• അവതരണം<br>• നിത്യജീവിതവുമായി ബന്ധപ്പെടൽ | ദീർഘ കാലം | പരീക്ഷണത്തിലേർപ്പെടൽ | **CPTA**, അധ്യാപകർ, **BRC** |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ലക്ഷ്യം | ചുമതല |
|---|---|---|---|---|
| 5. | • ഉപകരണങ്ങൾ നിരീക്ഷിക്കൽ<br>• പ്രാദേശികമായി കിട്ടുന്ന വസ്തുക്കൾ ഉപകരണ നിർമ്മാണത്തിനായി ശേഖരിക്കൽ<br>• ഇവ ഉപയോഗിച്ചുള്ള ഉപകരണ നിർമ്മാണം<br>• ഉപകരണനിർമ്മാണവുമായി ബന്ധപ്പെട്ട വീഡിയോ<br>• ഫീൽഡ് ട്രിപ്പ്<br>• അഭിമുഖം<br>• രൂപപ്പെട്ട ഉപകരണങ്ങളുടെ പ്രദർശനം<br>• ഉണ്ടാക്കുന്നഉപകരണങ്ങൾ നിത്യ ജീവിതത്തിൽ പ്രയോഗിക്കൽ | ദീർഘ കാലം | വീട്ടിലെ ഉപകരണവുമായി ബന്ധപ്പെട്ട ശാസ്ത്രാശയങ്ങളെക്കുറിച്ച് ധാരണ ഉണ്ടാക്കൽ | പൊതുജനങ്ങൾ, SMC, ശാസ്ത്രസാഹിത്യ പരിഷത്ത്, BRC |

# GOVT. H.S. MADATHARAKANI ACADEMIC MASTER PLAN

## SOCIAL SCIENCE L.P., U.P, & H.S

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | ചരിത്ര മ്യൂസിയം<br>8,9,10 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ ചരിത്രപരമായ ചിത്രങ്ങൾ നാണയങ്ങൾ, ശേഷിപ്പുകൾ, **Working model, Skill model** ചരിത്രക്കുറിപ്പുകൾ മുതലായവയുടെ പ്രദർശനം | ദീർഘകാലം | 8,9,10 | ഗാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യവിശകലന ശേഷി, **Enquiry skill**, ഇവ എല്ലാ കുട്ടിക ളിലും വികസിപ്പിക്കുക. |
| 2. | ബുള്ളറ്റിൻ ബോർഡ്<br>8,9,10 ക്ലാസുകളിൽ പാഠഭാഗവുമായുള്ള **News paper cutting**, ഓരോ ദിവസവും ഇതിൽ പ്രദർശിപ്പിച്ച് **weekend** ൽ ഇതുമായി ബന്ധ പ്പെട്ട വിവിധ **Programmes** സംഘടിപ്പിക്കൽ<br>• ക്വിസ്<br>• സെമിനാർ<br>• പ്രസംഗം<br>• ഉപന്യാസം<br>• ചരിത്രക്കുറിപ്പുകൾ | 1 **Week** | 8,9,10 | സാമൂഹ്യശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. |
| 3. | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം<br>8,9,10 ക്ലാസുകളിൽ സാമൂഹ്യശാസ്ത്ര പഠന പരി പോഷണത്തിന് അനിവാര്യമായ<br>• വ്യക്തികൾ<br>• സ്ഥാപനങ്ങൾ<br>• ചരിത്ര സ്ഥലങ്ങൾ | | | • **CWSN** കുട്ടികളെ നേർധാര യിൽ എത്തിക്കജശ<br>• സാമൂഹിക പാരിസ്ഥിതിക അവ ബോധം വളർത്തുക.<br>• സാമൂഹ്യശാസ്ത്രപഠനശേഷി വികസിപ്പിക്കുക |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| | • ഭൂമിശാസ്ത്രപരമായ വൈവിധ്യങ്ങൾ കണ്ടെത്തൽ<br>• ചരിത്ര സ്മാരകങ്ങൾ<br>• വിനോദ സഞ്ചാരകേന്ദ്രങ്ങൾ<br>• തുറമുഖങ്ങൾ<br>• പ്രധാനവ്യവസായ കേന്ദ്രങ്ങൾ<br>എന്നിവ കണ്ടെത്തി പ്രാദേശിക വിഭവഭൂപടം നിർമ്മിക്കൽ. | ഹ്രസ്വകാലം | 8,9,10 | |
| 4. | ഡിജിറ്റൽ ആൽബം<br>8,9,10 ക്ലാസുകളിൽ സാമൂഹ്യശാസ്ത്ര പാഠഭാഗവുമായുള്ള വ്യക്തിഗത ആൽബം തയ്യാറാക്കി S.S. Club ൽ അവതരണം, ടരവീഹ അലൈായഹ്യ യിൽ ഉദ്ഘാടനവും പ്രദർശനവും<br>• ക്വിസ്<br>• സെമിനാർ<br>• പ്രസംഗം<br>• ഉപന്യാസം<br>• ചരിത്രക്കുറിപ്പുകൾ | ഹ്രസ്വകാലം | 8,9,10 | സാമൂഹ്യശാസ്ത്രപഠനത്തചന്റ JCT സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവ് നേടുക.<br><br>സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് സാമൂഹ്യശാസ്ത്രത്തെ പ്രയോജനപ്പെടുത്തുവാനുള്ള കഴിവും മനോഭാവവും നേടുക. |
| 5. | സോഷ്യൽ സയൻസ് ഫെസ്റ്റ് (SSF)<br>1–10 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കൽ.<br>• ക്വിസ്<br>• പ്രദർശനങ്ങൾ(ശേഖരണം, മോഡൽസ് | | 1–10 | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.<br><br>സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക. |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| | • പ്രസംഗം<br>• നാടകങ്ങൾ<br>• സ്കിറ്റ്<br>• …..<br>• ചരിത്ര മ്യൂസിയം<br>• ഖജം പ്രവർത്തനങ്ങൾ<br>• അറ്റ്ലസ് നിർമ്മാണം | ദീർഘകാലം | 1–10 | സാമൂഹ്യശ്സ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മിറക ടക്കാൻ പിന്തുണ നൽകുക. |
| 6. | **Field Trip**<br>പാഠഭാഗവുമായി ബന്ധപ്പെട്ട് അനുയോജ്യമായ<br>• സ്ഥലങ്ങൾ<br>• സ്മാരകങ്ങൾ<br>• മ്യൂസിയങ്ങൾ<br>• ഭൂമിശാസ്ത്ര സവിശേഷതകൾ<br>• നിയമസഭ സന്ദർശനം<br>• ആരാധനാലയങ്ങൾ<br>• ജീവകാരുണ്യ പ്രവർത്തനങ്ങൾ<br>• ചരിത്ര സ്ഥാപനങ്ങൾ<br>• വ്യവസായ ശാലകൾ, ഫാമുകൾ, തുറമുഖങ്ങൾ, ഫാക്ടറികൾ<br>ഇവയെല്ലാം സന്ദർശിക്കൽ | ഹ്രസ്വകാലം | 1–10 | ഗാമൂഹ്യശാസ്ത്ര പഠനത്തെ സാമൂഹ്യ ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവും മനോഭാവവും നേടുക.<br>ഗാമൂഹ്യശാസ്ത്രത്തെ മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.<br><br>പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക.<br>ഗാമൂഹ്യശാസ്ത്ര അധ്യാപക ശാക്തീകരണം.<br>ഇണടച കുട്ടികളെ നേർധാരയിൽ എത്തിക്കുക.<br>ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക. |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 7. | സെമിനാർ<br>വിഷയം : ചരിത്രത്തിൽ ഉന്നതസ്ഥാനം വഹിച്ച വനിതകളുടെ ജീവചരിത്രവും പ്രാധാന്യവും തയ്യാറാക്കൽ<br>• സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങൾ<br>• വിവരങ്ങൾ ശേഖരിക്കൽ<br>• അവതരണം – ചർച്ച<br>• പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ഹ്രസ്വകാലം | 1–10 | സാമൂഹ്യ ശാസ്ത്ര പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക. |

## UP : SOCIAL SCIENCE

| ക്രമ നമ്പർ | ശേഷികൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിൻതുണ |
|---|---|---|---|---|---|
| 1. | 5,6,7 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്ന ങ്ങളുടെ നിർമ്മാണം | ഠസാഷ്യൽ സയൻസ് ഫെസ്റ്റ് (ടടഎ)<br>ക്വിസ്, പ്രദർശനങ്ങൾ<br>പ്രസംഗം<br>നാടകം /സ്കിറ്റ് | 2 മാസം | **Audio, Video** മാധ്യമങ്ങൾ **Computer Internet** | **Smart,room BRC,DIET SCERT PTA** |
| 2. | ചരിത്ര സംഭവങ്ങൾ | വീഡിയോ പ്രദർശനം | | | |
| 3. | ഡിജിറ്റൽ ആൽബം | പ്രപഞ്ചം എന്ന മഹാത്ഭുതം വൈവിദ്ധ്യ ങ്ങളുടെ ലോകം യൂറോപ്പ് പരി വർത്തനപാതയിൽ | 3 മാസം | **Computer internet CD** | |
| 4. | പ്രാദേശിക വികസന ഭൂപട നിർമ്മാണം | വ്യക്തിഗതമായി ആൽബം തയ്യാറാ ക്കുന്നു<br>**SS Club** ൽ അവതരണം<br>ഗാമൂഹ്യ ശാസ്ത്രപഠനപരിപോഷണ ത്തിന് അനിവാര്യമായ വ്യക്തികൾ സ്ഥാപനങ്ങൾ എന്നിവ കണ്ടെത്തി പ്രാദേശിക വിഭവ ഭൂപടം നിർമ്മിക്കൽ | ഹ്രസ്വകാലം | **Computer Internet CD Pendrive** പ്രദേശത്തെമുതിർന്ന പൗരന്മാരുമായുള്ള അഭിമുഖം | **Smart room** |
| 5. | ചരിത്ര മ്യൂസിയം | ചരിത്രരേഖകൾ ചിത്രങ്ങൾ, അവശേഷി പ്പുകൾ, അളവുപകരണങ്ങൾ പഴയകാല പണി ആയുധങ്ങൾ, വീട്ടുപകരണ ങ്ങൾ... ഇവയുടെ ശേഖരണം അവ യമുൻഗണനാക്രമത്തിലുള്ള സൂക്ഷി ക്കൽ | ദീർഘകാലം | പഴയതറവാട്ടുക ളിലെ സന്ദർശനം, മ്യൂസിയമാക്കാൻ വേണ്ട സ്ഥലം | **PTA BRC** |

# ഗണിതശാസ്ത്രം

പ്രപഞ്ചത്തിലെ എന്തിനെയും കുറിച്ചുള്ള അളവുപരമായ പഠനമാണല്ലോ ഗണിതം. ഗണിതശാസ്ത്രത്തിന്റെ അമൂർത്തസ്വഭാവം മൂലം കുട്ടികൾക്ക് പൊതുവേ പ്രയാസമായ ഈ വിഷയത്തെ മടത്തറകാണി സ്കൂളിലെ കുട്ടികൾക്ക് കൂടുതൽ രസകരമാക്കുന്നതിനും ഇതിലൂടെ ഗണിതപഠന നിലവാരം ഉയർത്തുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇവയിൽ ചിലത് ചുവടെ കൊടുക്കുന്നു.

1. **ഗണിതലാബ്**

   കുട്ടികളിൽ ഗണിത അഭിരുചി വളർത്തുന്നതിനായി ഗണിത ക്ലാസുകളിൽ കുട്ടികൾ നിർമ്മിക്കുന്ന ഗണിതരൂപങ്ങളും മറ്റ് പഠനോപകരണങ്ങളും സ്ഥിരമായി സൂക്ഷിക്കാൻ ഒരു സ്ഥലം സ്കൂളിൽ ഉണ്ടാകണം. ഇതിനായി അടച്ചുതുറപ്പുള്ള ഒരു മുറി ഗണിതലാബിനായി ഒരുക്കേണ്ടതുണ്ട്. ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട ചാർട്ടുകളുടേയും മോഡലുകളുടേയും പ്രദർശനം നടത്തുന്നതിനും ഗണിതലാബ് പ്രയോജനപ്പെടുത്താനാകും.

2. **ഗണിതലൈബ്രറി**

   ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കുന്നതിലൂടെ നമ്മുടെ സ്കൂളിലെ കുട്ടികളിൽ ഗണിത അഭിരുചി വളർത്തിയെടുക്കുന്നതിനായി ഗണിതശാസ്ത്രത്തിന് മാത്രമായ ഒരു ലൈബ്രറി സ്കൂളിൽ ഉണ്ടാകേണ്ടതുണ്ട്.

3. **ഗണിത ബോർഡുകൾ**

   എല്ലാ ക്ലാസ്മുറികളിലും ഗണിത ബോർഡുകളും സ്കൂളിൽ പൊതുവായി ഒരു ബോർഡും സ്ഥാപിക്കുകയും കുട്ടികലുടെ ഗണിത ശാസ്ത്ര സംബന്ധമായ രചനകൾ ഈ ബോർഡിൽ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്യണം. ഗണിത പസിലുകൾ ബോർഡുകളിൽ എഴുതി പതിപ്പിക്കുകയും ശരിയായ ഉത്തരങ്ങൾക്ക് സമ്മാനങ്ങൾ അസംബ്ലിയിൽ വച്ച് നൽകുകയും ചെയ്യാം.

4. **ക്ലാസ്സ്മുറികളടെ ഗണിതവൽക്കരണം**

ക്ലാസ്സ്മുറികളുടെ ഭിത്തികളിൽ ഗണിതവുമായി ബന്ധപ്പെട്ട രൂപങ്ങൾ വരയ്ക്കുകയും ആശയങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നതിലൂടെ കുട്ടികളിൽ ഗണിത താൽപ്പര്യം വർദ്ധിപ്പിക്കാം.

5. **ഗണിത പൂന്തോട്ടം**

സ്കൂളിലെ പൂന്തോട്ടം ഗണിതരൂപങ്ങളാൽ കൂടുതൽ ആകർഷകമാക്കുന്നത് ചെറിയ കുട്ടികലിൽ ഗണിത താൽപര്യം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ പഠനനിലവാരം ഉയർത്തുന്നതുനും സാധിക്കും.

6. **ഗണിത പാറ്റേണുകൾ നിറഞ്ഞ സ്കൂൾ മുറ്റം**

നമ്മുടെ സ്കൂളിന്റെ മുറ്റം തറയോട് പാകുമ്പോൾ ഗണിത പാറ്റേണുകൾ കൂടുതൽ ഉൾപ്പെടുത്തുന്നത് നല്ലതായിരിക്കും. ഇതുപോലെ സ്കൂൾ മതിൽ പെയിന്റ് ചെയ്യുമ്പോഴും ഗണിത ശാസ്ത്രജ്ഞൻമാരുടെ ചിത്ര ങ്ങളും മറ്റും ഉൾപ്പെടുത്താം.

7. **ഗണിത പതിപ്പുകൾ**

കുട്ടികളിൽ ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്ന തിനായി കുട്ടി കളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗണിത പതിപ്പുകൾ പ്രസിദ്ധീകരിക്കുന്നതാണ്.


ഇവയ്ക്ക്പുറമേ നിരന്തരമായ ക്വിസ് മത്സരങ്ങൾ,ഗണിത പസിലുകൾ, നമ്പർ ചാർട്ടുകൾ, ജ്യോമെട്രിക് പാറ്റേണുകൾ, മോഡൽകൾ തുടങ്ങിയവയുടെ മത്സരങ്ങൾ ഇവ നിരന്തരം സംഘടിപ്പിക്കുന്നതിലൂടെ നമ്മുടെ സ്കൂളിലെ കുട്ടികളുടെ ഗണിത പഠന നിലവാരം ഉയർത്താനാകും എന്നതാണ് പ്രതീക്ഷ.

# 1,2,3,4 ക്ലാസ്സുകളിൽ ഗണിതവുമായി ബന്ധപ്പെട്ട് നൽകാവുന്ന പ്രവർത്തനങ്ങൾ

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|---|
| 1. | സംഖ്യാബോധം | എണ്ണം കണ്ടെത്താൻ (വിവിധ സാധനങ്ങൾ)<br>സംഖ്യാ കാർഡ് കളി<br>സംഖ്യാ റിബൺ (1,2,3,....)<br>ഒറ്റസംഖ്യ, ഇരട്ടസംഖ്യ (സാധന സംയുക്തം സംഖ്യാകാർഡ് കളിയിലേയ്ക്ക്)<br>ടചറിയ സംഖ്യ, വലിയ സംഖ്യ<br>സ്ഥാനവില– അബാക്കസ്, സ്ഥാനവില, പോക്കറ്റ്,<br>സംഖ്യാപടി......<br>സംഖ്യാ വ്യാഖ്യാനം:– സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, രണ്ട് സംഖ്യകൾക്കിടയിൽ, മുന്നിൽ, പിന്നിൽ, സ്ഥാനവില | |
| 2. | പാറ്റേൺ | സാധനങ്ങൾ ഉപയോഗിച്ച് പാറ്റേൺ നിർമ്മിക്കുന്നു. ചിത്ര പാറ്റേൺ, സംഖ്യാ പാറ്റേൺ | |
| 3. | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ( സംഖ്യാ ചക്രം, അക്കച്ചിലന്തി, സംഖ്യാ പുഷ്പം, നിറം നൽകാൻ, മാന്ത്രിക ചതുരം, മനകണക്ക്) | |
| 4. | ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട പ്രായാഗിക പ്രശ്നങ്ങൾ | കുടുംബ ബഡ്ജറ്റ് , വിനോദയാത്ര, കച്ചവടം | |
| 5. | ഭിന്നസംഖ്യ എന്ന ആശയം | തുല്യഭാഗങ്ങളാക്കൽ (ഭിന്നസംഖ്യ), നിറം നൽകൽ, അളവിമായി ബന്ധിപ്പിക്കൽ, 1/2, 1/4, 3/4 | |
| 6. | അളവുകൾ | ദൂരം, ഭാരം, ഉള്ളളവ്, അളക്കുന്നതിലുള്ള ഉപകരണങ്ങൾ കണ്ടെത്തൽ , ഇവയുടെ യൂണിറ്റ് തിരിരിച്ചറിയൽ | |

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|---|
| 7. | സമയം | ക്ലോക്കുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, സമയം അളക്കുന്നതിനുള്ള ഉപകരണം തിരിച്ചറിയൽ, സെക്കന്റ്, മിനിട്ട്, മണിക്കൂർ | |
| 8. | കലണ്ടർ | കലണ്ടർ രൂപീകരണം, പാറ്റേണുകൾ, ദിവസം, മാസം, വർഷം, അധിവർഷം, തീവണ്ടി സമയം–24 മണിക്കൂർ ക്ലോക്ക് | |
| 9. | ജ്യോമിതിയിലെ അടിസ്ഥാന ആശയങ്ങൾ | △ ○ □ – രൂപങ്ങൾ നിർമ്മിക്കൽ<br><br>എണ്ണി എഴുതൽ, ഗണിത പൂന്തോട്ടം (ചുറ്റളവ്), ഗണിത ചാർട്ട്, ഓരോ രൂപത്തിലുമുള്ള സാധനങ്ങൾ പട്ടികപ്പെടുത്തൽ<br>ഗണിത ലൈബ്രറി നവീകരിക്കൽ,<br>ICT സാധ്യത ഉപയോഗിക്കൽ<br>ചുറ്റുപാടുമുള്ള ജ്യാമിതീയരൂപങ്ങൾ കണ്ടെത്തൽ<br>ജ്യാമിതീയ രൂപങ്ങൾ തയ്യാറാക്കാൽ<br>ചുവർ പത്രിക | |

# 5,6,7 ക്ലാസ്സുകളിൽ ഗണിതവുമായി ബന്ധപ്പെട്ട് നൽകാവുന്ന പ്രവർത്തനങ്ങൾ

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് |
|---|---|---|---|---|
| 1. | സംഖ്യാബോധം | സംഖ്യാ റിബൺ (1000, 1001, ......)<br>അക്ഷരത്തിലെഴുതുക . (1001 – ആയിരത്തി ഒന്ന്)<br>ഗണിതപ്പാട്ട് (CSWN)<br>അക്കത്തിലെഴുതുക (പതിനായിരം–10000)<br>ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ<br>ചെറിയ സംഖ്യ, വലിയ സംഖ്യ(<, >, 655 ☐ 700)<br>ക്രമത്തിലെഴുതൽ<br>സ്ഥാനവില<br>(സ്ഥാനവില, പോക്കറ്റ്, അബാക്കസ്)<br>സംഖ്യാ വ്യാഖ്യാനം :– (+, –, x , ÷ )<br>ഗണിത പോസ്റ്റർ തയ്യാറാക്കൽ<br>സംഖ്യാ മാല<br>വിലയെഴുതാം (സ്ഥാനവില)<br>പടികൾ കയറാം ഇറങ്ങാം (ആരോഹണം)<br>അബാക്കസ് പ്രവർത്തനങ്ങൾ<br>അബാക്കസ് നിർമ്മാണം<br>സംഖ്യാ പോക്കറ്റ് നിർമ്മാണം<br>ശില്പശാല<br>കളങ്ങൾ പൂർത്തിയാക്കാം<br>പടികൾ ഇറങ്ങാം(അവരോഹണക്രമം) | | |
| 2. | ഗംഖ്യകൾ ഉപയോഗിച്ചുള്ള ക്രിയകൾ | സങ്കലനം – രണ്ടക്കസംഖ്യകൾ<br>86 + 34 = 123<br>80+9 30+4<br>ഒന്നുകൾ – 9+4= 13, പത്തുകൾ – 80+30=<br>110 +<br>13<br>113<br><br> | | |

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് |
|---|---|---|---|---|
| | | Vertical Addition<br>89+<br><u>34</u><br>13 Ones<br><br>Algorithm<br>1<br>89 +<br><u>34</u> 13<br>123<br>67462 = …………..+………….+………….+(fo aboveaverage) | | |
| 3. | സംഖ്യകൽ ഉപയോഗിച്ചുള്ള ക്രിയകൾ | • ക്രിയകളുടെ ഉത്തരം ഊഹിച്ച് പറയൽ<br>• താരതമ്യം ചെയ്യൽ<br>• പരസ്പരബന്ധം കണ്ടെത്തൽ<br>• വലുതേത് ? ചെറുതേത് ? ( Work sheet, ഗണിതമൂല)<br>• സംഖ്യകൾ വ്യാഖ്യാനിച്ച് കണ്ടെത്തലുകളിൽ എത്തിച്ചേരൽ<br>• ഒന്നുകൾ, പത്തുകൾ കൂട്ടുന്നതിനുള്ള തന്ത്രങ്ങൾ<br>• കാരീരിക മാനസിക വളർച്ചയെ പരിപോശിപ്പിക്കുന്ന ഗണിത നാടകങ്ങൾ<br>(ICT സാധ്യത, ഗണിത ലാബ്,ഗണിത ചാർട്ട് എന്നിവ ഉപയോഗിക്കാം)<br>• വ്യവകലനം, ഗുണനം | | |

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് |
|---|---|---|---|---|
| 4 | ജാമിതീയ ആശയങ്ങൾ ഉറപ്പിക്കൽ | • ചുറ്റുപാടുകൾ നിരീക്ഷിച്ച് ജാമിതീയരൂപങ്ങൾ തിരിച്ചറിയൽ (ബിന്ദു, രേഖ, രേഖാഖണ്ഡം,...)<br>• വരയ്ക്കൽ<br>• ഗണിതമോഡൽ തയ്യാറാക്കൽ<br>• ഗണിത ലൈബ്രറി നവീകരിക്കൽ<br>• ചാർട്ട് തയ്യാറാക്കൽ<br>• ICT സാധ്യത ഉപയോഗിക്കൽ<br>• ഇന്റർനെറ്റ് ഉപയോഗിക്കൽ<br>• ചുറ്റുപാടുമുള്ള ജാമിതീയ രൂപങ്ങൾ കണ്ടെത്തൽ<br>• ജാമിതീയ രൂപങ്ങൾ തയ്യാറാക്കൽ മോണിറ്ററിംഗ്<br>• ജാമിതീയരൂപങ്ങളുടെ ചുവർപത്രിക തയ്യാറാക്കൽ | ദീർഘ കാലം | |
| 5. | ജ്യാമിതീയ ഉപകരണ ങ്ങളുടെ ഉപയോഗം | • സ്കെയിൽ, കോൺമാപിനി, മട്ടം, കോമ്പസ് എന്നീ ഉപകരണ ങ്ങൾ തിരിച്ചറിയാന്റ്, ഉപയോഗം മനസ്സിലാക്കൽ<br>• അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ സേവനത്തോടെ ഉപ കരണങ്ങൾ ഉപയോഗിക്കാൻ പഠിക്കൽ<br>• ഗ്രൂപ്പിൽ ജാമിതീയ രൂപങ്ങൾ വരയ്ക്കൽ, മോണിറ്ററിംഗ്<br>• നെറ്റിൽ നിന്നുള്ള വീഡിയോ കാണൽ (ജ്യാമിതീയരൂപങ്ങളുടെ നിർമ്മാണം)<br>• ഗണിതശിൽപശാല സംഘടിപ്പിക്കൽ<br>• BRC, IED ഠലമരവലൃം എന്നിവരുടെ സഹായത്തോടെ ഭിന്നശേ ഷിക്കാരുടെ പ്രവർത്തനങ്ങൾ തയ്യാറാക്കൽ | | |

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് |
|---|---|---|---|---|
| 6.<br>7.<br>8. | അളവുകൾ<br>സമയം<br>കലണ്ടർ<br>എന്നിവയുടെ ആശയം ഉറപ്പിക്കൽ, ഉപയോഗം | • നീളം, ഭാരം, ദ്രാവകങ്ങളുടെ ഭാരം എന്നിവ അളക്കുന്നതിനുള്ള ഉപകരണങ്ങൾ കണ്ടെത്തൽ<br>• ഇവയുടെ യൂണിറ്റ് തിരിച്ചറിയൽ<br>• പരസ്പര ബന്ധം കണ്ടെത്തൽ<br>• പഴയ അളവുരീതികൾ പരിചയപ്പെടൽ<br>• സമയം അളക്കുന്നതിനുള്ള ഉപകരണം പരിചയപ്പെടൽ<br>• സമയം നോക്കാൻ പഠിക്കൽ<br>• സെക്കന്റ്, മിനിറ്റ്, മണിക്കൂർ തമ്മിലുള്ള ബന്ധം കണ്ടെത്തൽ<br>• പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>• ദിവസം, വർഷം, മാസം ഇവ തമ്മിലുള്ള ബന്ധം കണ്ടെത്തൽ<br>• പ്രദർശനം (ഞീറലഹ– അളവുപാത്രങ്ങൾ പഴയതും പുതിയതും, സമയം അളക്കുന്ന ഉപകരണങ്ങൾ, വിവധ കലണ്ടറുകൾ<br>(പ്രദർശനം)<br>• ഡിജിറ്റൽ ആൽബം<br>അളവ് പാത്രങ്ങൾ<br>ഗമയം നോക്കുന്ന രീതി, ഉപകരണങ്ങൾ<br>കലണ്ടർ<br>• വ്യക്തിഗത ആൽബം തയ്യാറാക്കി ഗണിതക്ലബ്ബിൽ അവതരണം<br>• കലണ്ടർ നോക്കി കാലാവസ്ഥ തിരിച്ചറിയൽ ഏതൊക്കെ മാസങ്ങളിൽ ഏതെല്ലാം<br>• ഗണിതപ്പാട്ടുകൾ<br>• ക്ലോക്ക്, കലണ്ടർ നിർമ്മാണം<br>(ശില്പശാല സംഘടിപ്പിക്കൽ) | | |

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് |
|---|---|---|---|---|
| 9. | ഭിന്നസംഖ്യകൾ | • ചിത്രങ്ങളിലെ ഷെയ്ഡ് ചെയ്തഭാഗം തിരിച്ചറിയൽ<br>• ഭിന്നസംഖ്യ ഉറപ്പിക്കൽ (ഛേദം, അംശം)<br>• ഭിന്നസംഖ്യ അടയാളം ഉറപ്പിക്കൽ<br>• ഭിന്നസംഖ്യ കാർഡ് നൽകൽ<br>• ICT സാധ്യത ഉപയോഗിക്കൽ<br>• ചിത്ര ഗാലറി – ഭിന്നസംഖ്യ എഴുതൽ<br>• ഭിന്നശേഷിക്കാർക്കായി ICT സാധ്യത ഉപയോഗിക്കൽ<br>• ഗണിതസ്കിറ്റ് (ഭിന്നസംഖ്യ)<br>• ഭിന്നസംഖ്യ ചാർട്ട് തയ്യാറാക്കൽ<br>• മടങ്ങ് ഭാഗം ഇവ ഉറപ്പിക്കൽ<br>• ഭിന്നസംഖ്യയുടെ വ്യൂൽക്രമം പരിചയപ്പെടൽ<br>• പൂർണ്ണസംഖ്യ, ഭിന്നസംഖ്യ തമ്മിലുള്ള ഗുണനം<br>• തുല്യഭിന്നസംഖ്യകൾ പരിചയപ്പെടൽ | ദീർഘ കാലം | |
| 10 | ബീജഗണിതം | അളവുകൾ, എണ്ണം എന്നിവ തമ്മിലുള്ള ബന്ധം അക്ഷരങ്ങൾ ഉപയോഗിച്ച് എഴുതൽ<br>ഗണിത ഫെസ്റ്റ്<br>5,6,7, ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ക്ലാസിലെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കൽ<br>• ക്വിസ്<br>• പ്രദർശനം (ചാർട്ട്, മോഡൽ)<br>• സെമിനാർ<br>ക്ലാസ്റൂം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിഷയങ്ങൾ മുൻകൂട്ടി നൽകൽ<br>വിവരങ്ങൾ ശേഖരിക്കൽ<br>അവതരണം<br>ചർച്ച | | |

നമ്മുടെ സ്കൂളിന്റെ പഠനപാഠ്യബന്ധിത പ്രവർത്തനങ്ങളുടെ ഒരു സമഗ്രരേഖ യാണിത്. നിലവിലുള്ള അക്കാദമികാവസ്ഥയോടൊപ്പം നമുക്ക് ആർജിക്കേണ്ടതായ ശേഷികളുടെ ഒരു മാർഗ്ഗരേഖ. ലക്ഷ്യങ്ങളെല്ലാം നേടുന്നതിനായി ഈ വികസനരേഖ പ്രയോജനപ്പെടുമെന്ന വിശ്വാസത്തോടെ

| | |
|---|---|
| പി. റ്റി. എ പ്രസിഡന്റ് | ഹെഡ്മിസ്ട്രസ് |
| പ്രതീഷ്കുമാർ. ജെ | ശശികല. ആർ |

സ്കൂൾ വികസന സമിതി

ഉദയകുമാർ എസ്

(ചെയർമാൻ)